സെപ്റ്റംബർ 2025 | വാല്യം 17 | ലക്കം 09

# നിർമ്മലമാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ



നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)
(For Private Circulation only)

# വിവാഹ മംഗളാശംസകൾ... 04.08.2025



**അഖിൽ ജോസഫ്**
**മാളിയേക്കൽ**

**&**

**ഡോണ ജോൺ**
**പ്ലാക്കീൽ**

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE

ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org
nirmalamathachurch@gmail.com

സെപ്റ്റംബർ 2025 വാല്യം – 17, ലക്കം – 9




## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669, 7025366065

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 6282312349

email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744

**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918

**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513

**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുഞ്ചാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി. വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



നിർമ്മലാംബികേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ

*പേജുകളിലൂടെ...*


**3** വികാരിയച്ചന്റെ സന്ദേശം

**6** ദൈവത്തെ എങ്ങനെ പ്രസാദിപ്പിക്കാം

**9** വിശുദ്ധരുടെ പാതയിലൂടെ

**14** ബൈബിൾ ക്വിസ്

**16** വാർഡ് വാർത്തകൾ

**21** ദേവാലയ വായനകൾ

**23** വിശുദ്ധ ഗ്രന്ഥ വായനകൾ

വാർഡ് പ്രാർത്ഥനാ വചനഭാഗം – ഭവനങ്ങൾ


മുഖചിത്രം : വി. പോൾ ആറാമൻ

## കൊന്തനമസ്കാരം

**ഒക്ടോബർ 2025**

| | |
|---|---|
| 1.10.2025 – 10.10.2025 (5.10.2025 ഞായർ ഒഴികെ) | 5.45 am കൊന്ത തുടർന്ന് വി. കുർബ്ബാന (ദേവാലയത്തിൽ) |
| 5.10.2025 ഞായർ | 5.30 am വി. കുർബ്ബാന തുടർന്ന് കൊന്ത, 7 am വി. കുർബ്ബാന |
| 11.10.2025 – 20.10.2024 | 5.30 pm കൊന്തനമസ്കാരം (കപ്പേളയിൽ) |
| 21.10.2025 | 6.30 pm കൊന്തനമസ്കാരം (വാർഡുകളിൽ) |
| 22.10.2025 – 31.10.2025 (26.10.2025 ഞായർ ഒഴികെ) | 5.30 pm കൊന്ത തുടർന്ന് വി. കുർബ്ബാന (ദേവാലയത്തിൽ) |

*(26.10.2025 ഞായർ വൈകുന്നേരം കൊന്തയും കുർബ്ബാനയും ഉണ്ടായിരിക്കുന്നതല്ല)*

## വികാരിയച്ചന്റെ സന്ദേശം



### *പരിശുദ്ധ കന്യകാമറിയം- നമ്മുടെ മദ്ധ്യസ്ഥയും മാതൃകയും*

ഈശോയിൽ പ്രിയപ്പെട്ടവരെ,

സെപ്റ്റംബർ 8-ാം തീയതി നമ്മുടെ അമ്മയായ പരി. കന്യകാമാതാവിന്റെ ജനനത്തിരുനാൾ ഭക്തിപൂർവ്വം ആചരിക്കുന്ന പാരമ്പര്യമാണല്ലോ നമ്മുടെ സഭയിലുള്ളത്. എട്ടുനോമ്പിന്റെ ദിവസങ്ങൾ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും അവസരമാണ്. ആത്മീയമായി വിശ്വാസത്തിലും ദൈവകൃപയിലും വളർന്ന് കൂദാശകളുടെ സ്വീകരണത്തിലൂടെ പരി. അമ്മയുടെ മാദ്ധ്യസ്ഥം നമുക്ക് പ്രാപിക്കാൻ പരിശ്രമിക്കാം.

"എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. എന്തെന്നാൽ ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്കാ 1:46-49). ദൈവപുത്രന്റെ അമ്മയാകുവാൻ തിരഞ്ഞെടുക്കപ്പെട്ട നിമിഷത്തിൽ ആ മഹാഭാഗ്യം കൈവന്നതിലുള്ള ആനന്ദവും കൃതജ്ഞതയും നിറഞ്ഞു നിൽക്കുന്നുണ്ട് പരി.മറിയത്തിന്റെ ഈ വാക്കുകളിൽ ഈ ആനന്ദത്തിൽ മക്കളായ നമ്മൾ പങ്കുചേർന്നുകൊണ്ട് ദൈവത്തിന് കൃതജ്ഞതയർപ്പിക്കുകയാണ്; ദൈവത്തെ മഹത്വപ്പെടുത്തുകയാണ്. ശക്തനായവൻ വലിയ കാര്യങ്ങൾ ചെയ്തു കൊടുത്തതിന്റെ ഫലമനുഭവിക്കുന്നവർ നാമോരോരുത്തരുമാണ്. മറിയമെന്ന മഹാ ദാനത്തിനും മറിയം വഴി നമുക്കോരോരുത്തർക്കും ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങൾക്കും നാം നന്ദി പ്രകാശിപ്പിക്കണം.

ദൈവപുത്രന്റെ അമ്മയാകാൻ വിധിക്കപ്പെട്ടപ്പോൾ രക്ഷാകര രഹസ്യത്തിൽ പങ്കുകാരിയാകാനാണ് മറിയം വിളിക്കപ്പെട്ടത്. ആ രക്ഷാകര രഹസ്യത്തിൽ പങ്കുചേരുക വഴി "മറിയം അവളുടെ തന്നെയും മനുഷ്യവംശം മുഴുവന്റേയും രക്ഷണീയ കർമ്മത്തിൽ

പങ്കാളിയായി.'' ഈ രക്ഷാകര കർമ്മത്തിൽ മറിയം എപ്രകാരമാണ് ഭാഗഭാക്കാകുന്നതെന്ന് വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കുന്നുണ്ട്. അത് ''അനുസരണത്തിലൂടെയും വിശ്വാസത്തിലൂടെയുമായിരുന്നു.''

യേശുനാഥൻ മനുഷ്യരക്ഷ സാധിച്ചത്പിതാവിനോടുള്ള അനുസരണത്തിലൂടെയാണ്. കുരിശുമരണം വരിക്കാൻ വരെ തയ്യാറായ അനുസരണം. മറിയം മനുഷ്യരക്ഷയിൽ പങ്കുചേരുന്നതും അനുസരണത്തിലൂടെയാണ്. മംഗലവാർത്ത കേട്ടപ്പോൾ അതിന് സമ്മതം നൽകിയാൽ തന്റെ ജീവിതത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയിട്ടും മറിയം പറഞ്ഞു. ''ഇതാ കർത്താവിന്റെ ദാസി നിന്റെ വചനം എന്നിൽ നിറവേറട്ടെ'' (ലൂക്കാ 1:38). അതെ മറിയം പൂർണ്ണ മനസ്സോടെ അനുസരിച്ചു. ''ഹവ്വ അനുസരണയില്ലായ്മയിലൂടെ അവൾക്കും മനുഷ്യവർഗ്ഗം മുഴുവനും മരണകാരണമായി . എന്നാൽ മറിയം അനുസരണത്തിലൂടെ അവളുടെയും മനുഷ്യവംശം മുഴുവന്റെയും രക്ഷ സാധിക്കുന്നതിൽ സഹകരിച്ചിരിക്കുന്നു'' (വി. ഇരണേവൂസ്). അനുസരണയുടേതായ ജീവിതത്തിന് വലിയ വില കല്പിക്കാത്ത ലോകമാണ് നമുക്കു ചുറ്റുമുള്ളത്. ഓരോരുത്തരും അവരവരുടെ നിയന്താക്കളാകുന്നു. ആരെയും അനുസരിക്കാൻ ഇഷ്ടപ്പെടാത്തവരാണ് പലരും. കുടുംബങ്ങളിലെ അസ്വസ്ഥകൾക്ക് ഈ അനുസരണമില്ലായ്മ വലിയൊരു പരിധിവരെ കാരണമാകുന്നുണ്ട്. നല്ല മൂല്യങ്ങളോടും നിയമങ്ങളോടുമുള്ള അനുസരണമില്ലായ്മ സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അനുസരണത്തിന്റേതായ ജീവിതത്തിന് മറിയം നമുക്ക് നല്ല മാതൃകയാണ്.

ദൈവകുമാരന് ജന്മം നൽകുമ്പോഴും കുരിശിന്റെ വഴിയിൽ മകനെ പിന്തുടരുമ്പോഴും കാൽവരിയിൽ കുരിശിനു കീഴെ നിൽക്കുമ്പോഴും ദൈവത്തിന്റെ പദ്ധതിയിലുള്ള അടിയുറച്ച വിശ്വാസമാണ് മറിയത്തെ നയിച്ചത്. ജീവിതത്തിൽ അനുഭവപ്പെട്ട വേദന നിറഞ്ഞ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാൻ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം മറിയത്തിനു സഹായകമായി. ജീവിതത്തിലെ വേദനകളും കുരിശുകളും ചിലപ്പോഴെങ്കിലും നമ്മുടെ വിശ്വാസത്തെ

ക്ഷയിപ്പിക്കാറുണ്ട്. നേരെ മറിച്ചാണ് സംഭവിക്കേണ്ടത്. നമ്മുടെ ജീവിതത്തിലെ വേദനകളും കുരിശുകളും ദൈവത്തിന്റെ കരങ്ങളിൽ നിന്ന് വരുന്നതായി കാണാൻ, അവയ്ക്ക് നമ്മുടെ ജീവിതത്തിലുള്ള രക്ഷാകരമൂല്യം മനസ്സിലാക്കാൻ ആഴമായ ദൈവവിശ്വാസത്തിലൂടെ നമുക്ക് സാധിക്കണം. ദൈവത്തിലുള്ള വിശ്വാസം ക്ഷയിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ദൈവത്തിന്റെ അസ്തിത്വം പോലും ചോദ്യം ചെയ്യപ്പെടുന്നു. ശാസ്ത്രത്തിന്റെ പേരിൽ വിവിധ തത്വ സംഹിതകളുടെ പേരിൽ എല്ലാമെല്ലാം വിശ്വാസദീപം അണഞ്ഞുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ആ ദീപനാളത്തെ ആളിക്കത്തിക്കേണ്ടത് വിശ്വാസ ചൈതന്യം തുളുമ്പുന്ന നമ്മുടെ ജീവിതം വഴിയാണ്.

വിശ്വാസത്തിലും അനുസരണത്തിലും അധിഷ്ഠിതമായ ജീവിതത്തിന് ഉടമയായ പരി.മറിയം നമുക്ക് ക്രിസ്തീയ ജീവിതത്തിന് ഉത്തമ മാതൃക നൽകുന്നുണ്ട്. നമ്മുടെ സ്വർഗ്ഗീയ അമ്മ ദൈവ തിരുമനസ്സ് അന്വേഷിച്ചറിയുകയും ദൈവമത്വം ലക്ഷ്യം വയ്ക്കുകയും ചെയ്തു. നമ്മുടെ ജീവിതത്തിൽ വിശ്വാസത്തിന്റെയും അനുസരണ ത്തിന്റേയും ചൈതന്യമുൾക്കൊള്ളുന്ന ജീവിതത്തിന് ആത്മാർത്ഥ മായി പരിശ്രമിക്കുവാൻ പരി. അമ്മയുടെ മാതൃക നമുക്ക് പ്രചോദന മരുളട്ടെ.

എല്ലാവർക്കും പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരു നാളിന്റെ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

## ഭവന സന്ദർശനവും വീടു വെഞ്ചരിപ്പും

**സമയം : 4.30 pm.-9.00 pm**

**2025 സെപ്തംബർ 7,10 ( ഞായർ, ബുധൻ) വാർഡ് 9)**

**2025 സെപ്തംബർ 11,12 ( വ്യാഴം, വെള്ളി) വാർഡ് 10)**

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരി അച്ചൻ
ഫാ. ജോർജ്ജ് വടക്കേൽ

# ദൈവത്തെ എങ്ങനെ പ്രസാദിപ്പിക്കാം?

## വിശുദ്ധിയിൽ ജീവിക്കുക എന്നത് ശ്രമകരമല്ല, എളുപ്പമാണ്

ദൈവത്തിന് പ്രസാദകരമായ ഒരു ജീവിതം നയിക്കുക എന്നതാണ് മനുഷ്യജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം. എന്നാൽ എങ്ങനെയാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നത്? അത് ബാഹ്യമായ ചില പ്രവൃത്തി കൾമൂലമോ അനുഷ്ഠാനങ്ങൾകൊണ്ടോ അല്ല, പ്രത്യുത മനസിന്റെ നവീകരണംവഴി രൂപാന്തരീകരണം പ്രാപിച്ച ശരീരങ്ങളെ ത്തന്നെ ദൈവത്തിന് ഒരു സജീ വബലിയായി സമർപ്പിക്കുമ്പോഴാണ് സംഭവിക്കുന്നത്. ഇക്കാര്യം വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടല്ലോ (റോമാ 12/1-2). ദൈവം എപ്പോഴും നോക്കുന്നത് ദൈവഭക്തന്റെ ഹൃദയ ത്തിലേക്കാണ്, അവന്റെ മനോഭാവത്തിലേക്കാണ്.

ഇക്കാര്യത്തിൽ നമുക്കൊരു റോൾമോഡലുണ്ട്. അത് സങ്കീർത്ത കനായ ദാവീദാണ്. എന്റെ ഹൃദയത്തിനിണങ്ങിയ ഒരു വ്യക്തിയെ ദാവീദിൽ ഞാൻ കണ്ടെത്തിയിരിക്കുന്നു എന്ന് ദൈവം തന്നെ സാക്ഷ്യപ്പെ ടുത്തിയിട്ടുണ്ടല്ലോ. പല പ്രലോഭനങ്ങൾക്കും പാപത്തിന്റെ വശീകരണ ങ്ങൾക്കും അടിമപ്പെട്ടിട്ടും ദാവീദ് എങ്ങനെ ദൈവത്തിന്റെ പ്രീതി ആർജിച്ചു എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യംതന്നെ.

ദാവീദ് തന്റെ ഉള്ളിൽ സൂക്ഷിച്ചിരുന്ന ഒരു കൊച്ചുപ്രാർത്ഥനയുണ്ട്. അത് അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്നും അധരങ്ങളിൽനിന്നും നിരന്തരം ഉയർന്നുവന്നിരുന്നു. അതിശക്തമായ പാപസാഹചര്യങ്ങളിൽ ജീവിക്കുന്ന, ആഗ്രഹിക്കാതിരുന്നിട്ടും പല പാപപ്രലോഭനങ്ങളിലും അകപ്പെട്ടുപോകുന്ന നമുക്കും ആ പ്രാർത്ഥന വളരെ പ്രയോജനപ്രദമാകും. വിശുദ്ധ പൗലോസ് ശ്ലീഹാ സൂചിപ്പിക്കുന്ന മനസിന്റെ നവീകരണത്തിന് ദാവീദ് ചൊല്ലിയിരുന്ന ഈ പ്രാർത്ഥന ഏറെ സഹായകരമാകും, തീർച്ച.

ദാവീദ് ഇപ്രകാരം പ്രാർത്ഥിച്ചു: ''എന്റെ അഭയശിലയും വിമോചക നുമായ കർത്താവേ, എന്റെ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ'' (സങ്കീർത്തനം 19/14). ഈ പ്രാർത്ഥന ഒന്നു വിശകലനം ചെയ്യുമ്പോൾ ഒരു കാര്യം വ്യക്തമാണ്. അദ്ദേഹം പൂർണമായും ദൈവത്തിൽ ശരണപ്പെട്ടി രുന്നു. മനുഷ്യന്റെ അധ്വാനംകൊണ്ട് നേടിയെടുക്കാവുന്നതല്ല വിശുദ്ധി. അത് ദൈവത്തിന്റെ കൃപയും ദാനവുമാണ്. അതിനാൽതന്നെ വീഴാതെ താങ്ങിനിർത്തുന്ന അഭയശിലയായി അദ്ദേഹം ദൈവത്തെ കാണുന്നു. ദൈവത്തിന്റെ കൃപ ഉണ്ടെങ്കിൽ മാത്രമേ പ്രലോഭനസാഹചര്യങ്ങളെ

അതിജീവിക്കുവാൻ സാധിക്കൂ. ഇനി, പാപത്തിൽ വീണുപോയാലും വിഷമിക്കേണ്ട. അനുതാപത്തോടെ ദൈവത്തിങ്കലേക്ക് തിരിഞ്ഞ് പാപങ്ങൾ ഏറ്റുപറഞ്ഞാൽ മതി. കാരണം അവിടുന്ന് മനുഷ്യന്റെ വിമോചകനാണ്. യഥാർത്ഥ സ്വാതന്ത്ര്യം ദൈവത്തിന് മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ.

നമ്മുടെയൊക്കെ ഒരു പ്രശ്നമാണ്, നാം ആഗ്രഹിക്കാത്ത, അല്ലെങ്കിൽ ഇഷ്ടപ്പെടാത്ത കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചുപോകുന്നു, വിചാരിക്കുന്നു എന്നത്. അത് അശുദ്ധി നിറഞ്ഞ ചിന്തകളാകാം, നമ്മെ ഭാരപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന ഉൽക്കണ്ഠ നിറയ്ക്കുന്ന വിചാരങ്ങളാകാം, അല്ലെങ്കിൽ നമ്മെ വേദനിപ്പിച്ചവരെക്കുറിച്ചുള്ള ക്ഷമിക്കാൻ പറ്റാത്ത ചിന്തകളാകാം. ഇതെല്ലാം നമ്മെ തളർത്തുകയും നമ്മുടെ ഹൃദയത്തെ മലിനപ്പെടുത്തുകയും അതിന്റെ നിഷ്ക്കളങ്കത നഷ്ടപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതിന് ഒരു പ്രതിവിധി ദാവീദ് നിർദേശിക്കുന്നു. നമ്മുടെ വിചാരങ്ങളുടെ കടിഞ്ഞാൺ ദൈവത്തെത്തന്നെ ഏൽപിക്കുക. അതുകൊണ്ടാണ് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചത് 'എന്റെ ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമാകട്ടെ' എന്ന്.

കോപം വരുമ്പോൾ നാം ആഗ്രഹിക്കാത്ത വാക്കുകൾ നമ്മുടെ പ്രിയപ്പെട്ടവരോട് പറഞ്ഞു പോകുന്നു. പ്രത്യേകിച്ചും ഭാര്യാ-ഭർത്താക്കന്മാർ തമ്മിലുള്ള സംസാരത്തിലാണ് ഇത് കൂടുതലായും സംഭവിക്കുന്നത്. പറഞ്ഞുകഴിഞ്ഞാൽ അത് പ്രിയപ്പെട്ടവരെ വേദനിപ്പിച്ചു എന്ന് കാണുമ്പോൾ നാം ഇങ്ങനെ ചിന്തിക്കും; 'ശ്ശേ, വേണ്ടായിരുന്നു.' ഇത് സംഭവിക്കാതിരിക്കാൻ ഒരു മുൻകരുതൽ പ്രാർത്ഥന സൂക്ഷിച്ചാൽ മതി! ദൈവത്തോട് നിരന്തരം ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുക: 'എന്റെ അധരങ്ങളിലെ വാക്കുകൾ അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ.' ഒരു പ്രാർത്ഥനയ്ക്കും ദൈവം മറുപടി നൽകാതിരിക്കുകയില്ല. അനുനിമിഷമുള്ള ഈ കൊച്ചു പ്രാർത്ഥന നമ്മുടെ ഹൃദയത്തെയും അധരങ്ങളെയും വിശുദ്ധീകരിക്കും, സംശയമില്ല.

മേൽപറഞ്ഞത് വിചാരങ്ങളെയും വാക്കുകളെയും വിശുദ്ധീകരിക്കുവാനുള്ള മാർഗമാണ്, പ്രാർത്ഥനയാണ്. ഇനി പ്രവൃത്തിയുടെ കാര്യമെടുക്കാം. ചിലപ്പോൾ ദൈവഹിതത്തിന് വിരുദ്ധമായ പ്രവൃത്തികൾ നാം ചെയ്യുന്നു. അത് ബോധപൂർവമല്ല. ചെയ്ത ശേഷം നമുക്കൊരു ഖേദചിന്തയുണ്ടാകും, ഒരു മന:സാക്ഷിക്കടി. ഞാൻ എന്റെ ദൈവത്തെ വേദനിപ്പിച്ചല്ലോ എന്ന ഒരു ചിന്ത നമ്മെ ഭാരപ്പെടുത്തുവാൻ തുടങ്ങും. അത് ഒരുപക്ഷേ ഒരു കുറ്റബോധത്തിലേക്ക്, മനസിനെ തളർത്തുകയും നിർവീര്യമാക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക്

നയിക്കുവാൻ സാധ്യതയുണ്ട്. എന്താണ് ഇതിനൊരു പോംവഴി? ദാവീദിന് അതിനും ഒരു ലളിതമായ പ്രാർത്ഥനയുണ്ട്: "അറിയാതെ പറ്റുന്ന വീഴ്ചകളിൽനിന്ന് എന്നെ വിശുദ്ധീകരിക്കണമേ" (സങ്കീർത്തനങ്ങൾ 19/12). ഈ പ്രാർത്ഥന നമ്മുടെ മന:സാക്ഷിയെ കഴുകുന്ന ഒരു സ്നാനം പോലെയാണ്. പ്രാർത്ഥിക്കുന്ന മകനോട്/മകളോട് പിതാവ് കരുണ കാണിക്കാതിരിക്കുമോ? നമ്മുടെ മനസ് വീണ്ടും മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും.

രോഗങ്ങൾ വരാതിരിക്കുവാൻ നാം വാക്സിനേഷൻ എടുക്കാറുണ്ടല്ലോ. അതൊരു മുൻകരുതലാണ്. ആത്മീയജീവിതത്തിലും ഇപ്രകാരമുള്ള വാക്സിനേഷൻ എടുക്കുന്നത് നമ്മുടെ ആത്മാവിന്റെ പ്രതിരോധ ശക്തി വർധിപ്പിക്കും. ദൈവത്തെ കൂടുതൽ വേദനിപ്പിക്കുന്നത് മന:പൂർവം ചെയ്യുന്ന തെറ്റുകളാണ്. ദൈവത്തെ അറിഞ്ഞിട്ടും ദൈവസ്നേഹം അനുഭവിച്ചറിഞ്ഞിട്ടും ദൈവകല്പനങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്നു. ഇത് ദൈവത്തെ കൂടുതൽ വേദനിപ്പിക്കും. അധികം നഷ്ടപ്പെട്ടവനിൽനിന്ന് അധികം ആവശ്യപ്പെടും എന്ന് യേശു പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ ദൈവത്തെ കൂടുതൽ അടുത്ത് അറിയുവാൻ കൃപ ലഭിച്ചവർ കൂടുതൽ വലിയ ജാഗ്രത പുലർത്തണം. അതിന് നമ്മൾ എടുക്കേണ്ട ആത്മീയ വാക്സിനേഷൻ ഈ പ്രാർത്ഥനയാണ്: "ബോധപൂർവം ചെയ്യുന്ന തെറ്റുകളിൽനിന്ന് ഈ ദാസനെ കാത്തുകൊള്ളണമേ" (സങ്കീർത്തനങ്ങൾ 19/13). പ്രാർത്ഥിക്കുന്ന മക്കൾക്ക് പിതാവ് ആ കൃപ നൽകും, ശക്തി നൽകും. പ്രലോഭനങ്ങളിൽപ്പെടാതെ അവിടുന്ന് കാത്തു കൊള്ളും. നമ്മുടെ പാദങ്ങൾ കല്ലിൽ തട്ടിയാലും നാം വീഴുകയില്ല. പിതാവിന്റെ ശക്തമായ കരങ്ങൾ നമ്മെ താങ്ങുന്നു.

വിശുദ്ധിയിൽ ജീവിക്കുക എന്നത് ഒട്ടും ശ്രമകരമല്ല, വളരെ എളുപ്പമാണ് എന്ന് നമുക്ക് ദാവീദിന്റെ പ്രാർത്ഥന അനുധാവനം ചെയ്യുമ്പോൾ ബോധ്യമാകും. അത് ഒരു പ്രാർത്ഥനയായി അങ്ങേക്ക് സമർപ്പിക്കുവാൻ എന്നെ അനുഗ്രഹിച്ചാലും. ദൈവവഴിയിലൂടെ മാത്രം നടന്ന് ഞങ്ങൾക്ക് എപ്പോഴും മാതൃക നൽകിയ പരിശുദ്ധ അമ്മേ, വിശുദ്ധ യൗസേപ്പിതാവേ, എനിക്കായി ഇപ്പോൾ പ്രാർത്ഥിക്കണമേ, ആമ്മേൻ.

കടപ്പാട് - ശാലോം ടൈംസ്

*വിശുദ്ധരുടെ പാതയിലൂടെ*

# വിശുദ്ധ പോൾ ആറാമൻ മാർപ്പാപ്പ

1964 ഡിസംബർ 1-ന് മുംബൈയിലെ പ്രസിദ്ധമായ ഓവൽ മൈതാനത്തിൽ തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തിന്റെ ആദരവുകളും ജയ്‌വിളികളും ഏറ്റുവാങ്ങിക്കൊണ്ട് പോൾ ആറാമൻ പാപ്പ വേദിയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ജനസാഗരം ഇളകി മറിഞ്ഞു. വീവ ഇൽ പാപ്പ എന്ന് ആർത്തു വിളിച്ചു. അന്നവിടെ ദിവ്യകാരുണ്യ കോൺഗ്രസ് നടക്കുകയായിരുന്നു. നൂറു കണക്കിന് നവവൈദികരാണ് അന്ന് അവിടുത്തെ വിസ്തൃതമായ വേദിയിൽ അഭിഷിക്തരായത്. ആദ്യമായിട്ടാണ് അന്ന് ഭാരതത്തിന്റെ മണ്ണിൽ ഒരു മാർപ്പാപ്പ കാലുകുത്തിയത്.

ആധുനിക കാലഘട്ടത്തിൽ തിരുസ്സഭയെ നയിച്ച മഹാപണ്ഡിതന്മാരും വിശുദ്ധരുമായ പാപ്പാമാരിൽ അനന്യമായ ഒരു സ്ഥാനമാണ് വി. പോൾ ആറാമൻ പാപ്പയ്ക്ക്. അദ്ദേഹത്തിന്റെ പൂർണ്ണനാമം ജിയോവാനിബാറ്റിസ്റ്റാ എൽറിക്കോഅന്റോണിയോമരിയമൊണ്ടീനി എന്നാണ്. ഇറ്റലിയിലെ ബ്രേഷ്യാ പ്രൊവിൻസിൽ കൊൺചെസിയോ എന്ന ഗ്രാമത്തിൽ 1897 സെപ്റ്റംബർ 26-ാം തിയതിയാണ് അദ്ദേഹം ജനിച്ചത്. പിതാവ് ജിയോർജിയോ മൊണ്ടീനി ഒരു നിയമവിദഗ്ധനും ജേർണലിസ്റ്റുമായിരുന്നു. ഇറ്റാലിയൻ പാർലമെന്റിൽ അദ്ദേഹം കാത്തലിക്ക് ആക്ഷൻ പ്രവർത്തനങ്ങളുടെ ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. അമ്മ ജിയുഡെറ്റാഅൽഗിഡി ഭക്തയായ ഒരു ഗ്രാമീണ സ്ത്രീയായിരുന്നു. ഒരു വൈദ്യനായ ഫ്രാൻസിസ്കോയും നിയമപണ്ഡിതനായ ലൊഡോവികോയും സഹോദരങ്ങളും സമൂഹത്തിൽ അറിയപ്പെട്ടവരായിരുന്നു. അന്റോണിയോ മരിയ മൊണ്ടിനിയെ മാമ്മോദീസ മുക്കിയപ്പോൾ സെപ്റ്റംബർ 30-ാം തിയതി ആധുനിക വിശുദ്ധയായ വി. കൊച്ചുത്രേസ്യാ മരണമടഞ്ഞു.

ഈശോസഭക്കാർ നടത്തിയിരുന്ന ഒരു സ്കൂളിൽ വിദ്യാഭ്യാസം നടത്തി ഡിപ്ലോമാ നേടിയതിനുശേഷം 1916 ഓക്ടോബർ 20-ന് അദ്ദേഹം സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം തുടങ്ങി. 1920 മെയ് 20-ാം തിയതി അന്റോണിയോ മരിയ മൊണ്ടീനി പൗരോഹിത്യം സ്വീകരിച്ചു. അധികം താമസിയാതെ അദ്ദേഹം മിലാനിലെ സർവ്വകലാശാലയിൽ കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. പിന്നീട് ബ്രേഷ്യയിലെ മെത്രാൻ അദ്ദേഹത്തെ തത്വശാസ്ത്രത്തിലും സാഹിത്യത്തിലും ഉന്നത വിദ്യാഭ്യാസം

നേടാൻ അയച്ചുവെങ്കിലും പാർലിമെന്റംഗം ലൊൻജിനേത്തി ഇടപെട്ട് അദ്ദേഹത്തെ എക്ലേസിയാസിക്കൽ അക്കാഡമിയിലേക്ക് മാറ്റി. അവിടെയാണ് വത്തിക്കാൻ നയതന്ത്ര പ്രതിനിധികൾക്ക് പരിശീലനം കൊടുത്തിരുന്നത്. പഠനശേഷം വത്തിക്കാന്റെ ആവശ്യപ്രകാരം ബ്രേഷ്യയിലെ മെത്രാൻ ഫാദർ മൊണ്ടീനിയെ നയതന്ത്രകാര്യാലയത്തിന്റെ സേവനത്തിനായി വിട്ടുകൊടുത്തു. അദ്ദേഹം സ്റ്റേറ്റ് സെക്രട്ടറിയുടെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചു. ഒരു ഇടവകയിൽ ജോലിചെയ്യാൻ അദ്ദേഹത്തന് ഒരിക്കലും അവസരം കിട്ടിയില്ല.

അവിടെ ജോലി ചെയ്യുമ്പോൾ 1923-ൽ അദ്ദേഹം പോളണ്ടിൽ ന്യൂൺഷിയോയായി നിയമിതനായി. അന്ന് പോളണ്ടിലെ സ്ഥിതി പരമദയനീയമായിരുന്നു. ജനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന കഠിനയാതന കളും കഷ്ടപ്പാടുകളും അദ്ദേഹത്തിന് നേർക്കുനേരെ കാണാൻ കഴിഞ്ഞു. 1937-ൽ കർദ്ദിനാൾ പച്ചേലിയുടെ കീഴിൽ അനുദിന വ്യവഹാരങ്ങളുടെ ചുമതല ഫാദർ മൊണ്ടീനിക്ക് നല്കപ്പെട്ടു. 1939-ൽ കർദ്ദിനാൾ പച്ചേലി പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പയായി. താമസിയാതെ രണ്ടാം ലോകമഹാ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. അക്കാലഘട്ടത്തിൽ സെക്രട്ടറി ഓഫ് സ്റ്റേറ്റിന്റെ കീഴിൽ ഭാരിച്ച ഉത്തരവാദിത്വമാണ് മൊണ്ടീനി നിർവ്വഹിച്ചിരുന്നത്. യുദ്ധത്തടവുകാർക്കും അഭയാർത്ഥികൾക്കും വേണ്ടി വത്തിക്കാൻ ഒരു വിവരാന്വേഷണ ഓഫീസ് തുറന്നു പ്രവർത്തിച്ചിരുന്നത് മൊണ്ടീനിയുടെ നേതൃത്വത്തിലാണ്. 1939-മുതൽ 1947-വരെ കാണാതെ പോയവരെക്കുറിച്ച് പത്തുദശലക്ഷം അപേക്ഷകളാണ് ഈ ഓഫീസ് കൈകാര്യം ചെയ്തത്. ഇതിനിടെ ഇറ്റലിയിലെ മുസ്സോളിനിയുടെ ഭരണകൂടം പല പ്രാവശ്യം അദ്ദേഹത്തെ ഉപദ്രവിക്കാൻ ശ്രമിച്ചുവെങ്കിലും വത്തിക്കാന്റെ ശക്തമായ എതിർപ്പുമൂലം അതൊന്നും നടന്നില്ല. 1944-ൽ പന്ത്രണ്ടാം പിയൂസ് പാപ്പ മൊണ്ടീനിയെയും തർദ്ദീനിയെയും സെക്രട്ടറി ഓഫ് സ്റ്റേറ്റിന്റെ തലവ ന്മാരായി നിയമിച്ചു. യുദ്ധത്തിൽ പീഡിതരായ സന്യാസ ഭവനങ്ങളുടെയും ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കണക്ക് ശേഖരിച്ച് അവയെ സഹായിക്കുന്ന പ്രവർത്തനങ്ങളെ അദ്ദേഹം ഏകോപിപ്പിച്ചു. അതിനുവേണ്ടി പൊന്തിഫിക്കൽ കമ്മീഷൻ ഫോർ അസിസ്റ്റൻസ് എന്ന സംവിധാനം അദ്ദേഹം രൂപീകരിച്ചു. അഭയാർത്ഥികൾക്കു ഭക്ഷണവും വസ്ത്രവും താമസസൗകര്യവും ഉണ്ടാക്കിക്കൊടുത്തു. 1944-ൽ റോമിൽ മാത്രം 20 ലക്ഷം പേർക്കാണ് ഭക്ഷണം കൊടുത്തത്. മാർപ്പാപ്പയുടെ വേനൽക്കാല വസതിയായ കാസ്റ്റൽഗൊണ്ടോൾഫാ അഭയാർത്ഥികൾ ക്കായി തുറന്നു കൊടുത്തു. അവിടെ മാത്രം 1500 അഭയാർത്ഥികൾ താമസിച്ചിരുന്നു.

1954ൽ മൊണ്ടാനിയെ മാർപ്പാപ്പ മിലാനിലെ ആർച്ചു ബിഷപ്പായി നിയമിച്ചു. അദ്ദേഹത്തെ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തത് കേരളത്തിനും സീറോ മലബാർ സഭയ്ക്കും പിന്നീട് സുപരിചിതനായിത്തീർന്ന കർദ്ദിനാൾ ടിസ്സറാങ്ങ് തിരുമേനിയായിരുന്നു. മാർപ്പാപ്പ രോഗിയായി കിടപ്പായിരുന്നു. മിലാനിൽ സകലരെയും സ്നേഹിക്കണമെന്നാണ് അദ്ദേഹം ഉദ്ബോധിപ്പിച്ചിരുന്നത്. കത്തോലിക്കരെയും പ്രൊട്ടസ്റ്റന്റുകാരെയും ഭിന്നിച്ചു പോയവരെയും യഹൂദരെയും മുസ്ലീമുകളെയും വിജാതീയരെയും നിരീശ്വരവാദികളെയും സ്നേഹിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആംഗ്ലിക്കൻ വൈദികരെ അദ്ദേഹം സ്നേഹപൂർവ്വം തന്റെ ഭവനത്തിലേക്ക് സ്വാഗതം ചെയ്തു. അവർ വഴി അദ്ദേഹം കാന്റർബറി ആംഗ്ലിക്കൻ ആർച്ചു ബിഷപ്പിന് കത്തുകൊടുത്തുവിട്ടു.

പന്ത്രണ്ടാം പിയൂസിനു ശേഷം 23-ാം യോഹന്നാൻ മാർപ്പാപ്പ വന്നപ്പോൾ ആർച്ചു ബിഷപ്പ് മൊണ്ടാനിയെ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തി. യോഹന്നാൻ മാർപ്പാപ്പ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു കൂട്ടിയപ്പോൾ പെട്ടെന്ന് അത് അംഗീകരിക്കാൻ പല പ്രധാനികൾക്കും കഴിഞ്ഞില്ല. കർദ്ദിനാൾ മൊണ്ടീനിക്കും കഴിഞ്ഞില്ല. എങ്കിലും വത്തിക്കാൻ സുനഹദോസിന്റെ ഒരുക്കത്തിനായി അദ്ദേഹം വത്തിക്കാനിലേക്കു വിളിക്കപ്പെട്ടു. അങ്ങനെ വീണ്ടും അദ്ദേഹം വത്തിക്കാനിലെത്തി. കർദ്ദിനാൾ എന്ന നിലയ്ക്ക് അദ്ദേഹം ഘാന, സുഡാൻ, കെനിയ, കോംഗോ, റൊഡേഷ്യാ, തെക്കനാഫ്രിക്ക, നൈജീരിയ മുതലായ ആഫ്രിക്കൻ രാജ്യ ങ്ങൾ സന്ദർശിച്ചു. അവിടെയെല്ലാം പര്യടനം നടത്തി. വിവിധ സംസ്കാരങ്ങളെയും രാഷ്ട്രീയ സാമ്പത്തിക വൈവിധ്യങ്ങളെയും അടുത്തറിയാനും പഠിക്കാനും ഈ യാത്രകൾ അദ്ദേഹത്തിന് ഉപകാരപ്രദമായി. സാർവ്വത്രികമായ ഒരു കാഴ്ചപ്പാട് സ്വായത്തമാക്കിയ കർദ്ദിനാൾ മൊണ്ടീനിയെ പിന്നീട് യോഹന്നാൻ മാർപ്പാപ്പ ദിവംഗതനായപ്പോൾ കർദ്ദിനാൾ സംഘം മാർപ്പാപ്പയായി തിരഞ്ഞെടുത്തു. അദ്ദേഹം പോൾ ആറാമൻ എന്ന പേരു സ്വീകരിച്ചു. 1963 സെപ്റ്റംബർ 29-ന് കൗൺസിലിന്റെ രണ്ടാം സമ്മേളനം അദ്ദേഹം ആരംഭിച്ചു. 1964-ൽ വത്തിക്കാൻ കൗൺസിലിന്റെ മൂന്നും നാലും സമ്മേളനവും അദ്ദേഹം വിളിച്ചു ചേർത്തു. 1965-ഡിസംബർ 8-ാം തിയതി രണ്ടാം വത്തിക്കാൻ കൗൺസിൽ ഔദ്യോഗികമായി സമാപിച്ചു. ഇതു സഭാചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ എല്ലാ നേട്ടങ്ങൾക്കും തിരുസ്സഭ പോൾ ആറാമൻ മാർപ്പാപ്പയോടു കടപ്പെട്ടിരിക്കുന്നു. അദ്ദേഹം മെത്രാന്മാരുടെ ഒരു സിനഡ് ഒരു സ്ഥിരം സംവിധാനമാക്കി. ഇതരമതങ്ങളുമായുള്ള സംവാദത്തിന് ഒരു പൊന്തിഫിക്കൽ കമ്മീഷൻ സ്ഥാപിച്ചു. പോൾ ആറാമൻ നിരവധി രാജ്യങ്ങൾ ദർശിച്ച് തീർത്ഥാടക പാപ്പയെന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 1964-ൽ അദ്ദേഹം മുംബൈയിൽ എത്തി. 1966-ൽ അദ്ദേഹം അമേരിക്ക സന്ദർശിച്ചു. ഐക്യരാഷ്ട്രസഭയിൽ പ്രസംഗിച്ചു.

1970ൽ ഫിലിപ്പിൽസിലെ മനിലായിൽ വച്ച് അദ്ദേഹത്തെ വധിക്കാൻ ഒരാൾ കത്തിയുമായി മുമ്പോട്ടു ചാടിയെങ്കിലും സെക്രട്ടറി അദ്ദേഹത്തെ തള്ളിമാറ്റിയതുകൊണ്ട് ദൈവസഹായത്താൽ അദ്ദേഹം രക്ഷപ്പെട്ടു. മുഖത്ത് ഒരു പോറൽ ഉണ്ടായി. വിശുദ്ധ പത്രോസിനുശേഷം വിശുദ്ധ നാട്ടിൽ കാലുകുത്തുന്ന ആദ്യത്തെ മാർപ്പാപ്പയാണ് വി. പോൾ ആറാമൻ. അഞ്ഞൂറു വർഷമായി ബന്ധം വേർപെട്ടു നിന്ന കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ ഓർത്തഡോക്സ് പാത്രിയർക്കീസുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. 1967 ഒക്ടോബർ 27-ന് അത്തനാഗോറസ് പാത്രീയർക്കീസ് റോമിലെത്തി മാർപ്പാപ്പയെ സന്ദർശിച്ചു. മാർപ്പാപ്പ അദ്ദേഹത്തെ ആശ്ലേഷിച്ച് സ്വീകരിച്ചു. 1975 ൽ എക്യുമെനിക്കൽ സമ്മേളനത്തിന് പാത്രിയർക്കീസിന്റെ പ്രതിനിധി മെല്ലിത്തോസ് മെത്രാപ്പോലിത്താ വന്നപ്പോൾ മാർപ്പാപ്പ മുട്ടിന്മേൽനിന്നു അദ്ദേഹത്തിന്റെ പാദങ്ങൾ ചുംബിച്ചുകൊണ്ട് സകലർക്കും ഐക്യത്തിന്റെ മാതൃകയായി.

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയിൽ ഒത്തിരിയേറെ നവീകരണങ്ങൾ ഉണ്ടാക്കി. എന്നാൽ യൂറോപ്പിലും അമേരിക്കയിലും അനേകം വൈദികർ പൗരോഹിത്യം ഉപേക്ഷിച്ച് അല്മായരായത് വലിയ തിരിച്ചടിയായി. അല്മായ പദവിയിലേക്ക് തിരിച്ചു പോകുന്ന വൈദികരുടെ അപേക്ഷകളിൽ ഒപ്പ് വയ്ക്കുന്നത് തന്റെ ഏറ്റവും വലിയ കുരിശാണെന്ന് അദ്ദേഹം പറഞ്ഞിരുന്നു.

വി. പോൾ ആറാമൻ പാപ്പയുടെ ഏഴു ചാക്രിക ലേഖനങ്ങൾ അതിപ്രശസ്തങ്ങളാണ്. ലോകത്തിലെമ്പാടും അവ ചർച്ചാവിഷയവും പഠനവിഷയവുമായി. എക്ലേസിയാം സുവാം, മെൻസെമായിയോ, മിസ്റ്റീരിയും ഫിദേയി, ക്രിസ്റ്റി മാത്രി, പോപ്പുലോരും പ്രൊഗസ്സിയോ, സാച്ചർഡോത്താലീസ് സെലിബാത്തൂസ്, ഹ്യൂമാനേ വീത്തേ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ ചാക്രിക ലേഖനങ്ങൾ. സന്താനോൽപ്പാദനത്തെ തടസ്സപ്പെടുത്തുന്ന യാതൊരു കൃത്രിമ മാർഗ്ഗ

ങ്ങളും ഉപയോഗിക്കാൻ പാടില്ലായെന്ന ധാർമ്മികത ഉയർത്തിപ്പിടിക്കുന്ന ഹ്യൂമാനെവീത്തെ ഒത്തിരിയേറെ വിമർശനങ്ങൾക്ക് ഇടയാക്കി. ധാർമ്മികതയുടെ ഉന്നതമായ ശ്രേഷ്ഠതയിൽ അദ്ദേഹം ഉറച്ചുനിന്നു. അദ്ദേഹം 84 പുണ്യാത്മാക്കളെ വിശുദ്ധരായും 38 പേരെ വാഴ്ത്തപ്പെട്ടവരായും പ്രഖ്യാപിച്ചു.

1978 ജൂലൈ 14-ന് പോൾ ആറാമൻ മാർപ്പാപ്പ അവധിക്കാല വിശ്രമത്തിനായി പോയി. രോഗബാധിതനായിരുന്ന അദ്ദേഹം ആഗസ്റ്റ് 6-ന് കാസ്റ്റൽ ഗാൺഡോൾഫിൽ ഹൃദയസ്തംഭനം മൂലം ദിവംഗതനായി. 2018 ഒക്ടോബർ 14-ന് ഫ്രാൻസീസ് മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

വിചിന്തനം: പൗരോഹിത്യത്തിന്റെ സന്തോഷത്തിനും, ശോഭയ്ക്കും, സൗന്ദര്യത്തിനും, സൗഭാഗ്യത്തിനും കുറവുവരാതെ ജീവജലത്തിന്റെ വറ്റാത്ത നീരുറവ എന്നിൽ ഓരോ ദിവസവും ഓരോ വാർഷികത്തിലും പുതുജീവൻ പകരുന്നു. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്ന പരിശുദ്ധ മാതാവിന്റെ സ്തുതി ആഴമായ ബോധ്യത്തോടെ എന്റെ പൗരോഹിത്യത്തെക്കുറിച്ച് ഞാൻ ആവർത്തിച്ചു ഉരുവിടുന്നു (പൗരോഹിത്യത്തിന്റെ 52-ാം വാർഷികത്തിൽ വി. പോൾ ആറാമൻ പാപ്പ).



**KCYM NIRMALA MATHA UNIT**
**EXECUTIVE MEMBERS 2025-26**

# ബൈബിൾ ക്വിസ്സ്




12

**ലോഗോസ് ക്വിസ് 25 സെപ്റ്റംബർ 28, 2025 (രജിസ്ട്രേഷൻ) – ജൂൺ 1, 2025 – ജൂലൈ 31, 2025**

25-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2025 സെപ്റ്റംബർ 28 ന് നടക്കുന്നു. പാഠഭാഗം - ന്യായാധിപന്മാർ 11-21, പ്രഭാഷകൻ 41-50, ലൂക്ക 17-24, എഫേസോസ് 1-6. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബൈബിൾ ക്വിസ് 12 ചോദ്യങ്ങൾ

### എഫേസോസ് 4-6 അദ്ധ്യായങ്ങൾ

1. വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കല്പന ഇതത്രേ? എന്താണ് വാഗ്ദാനം? ഏതാണ് കല്പന?
2. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ സ്നേഹിക്കുന്ന എല്ലാവർക്കും ................, ............................ഉണ്ടാകട്ടെ.
3. ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിനു നിങ്ങളെ ശക്തരാക്കാൻ കൈയിൽ എടുക്കേണ്ടത് എന്താണ് ?
4. തിന്മയുടെ ദിനത്തിൽ ചെറുത്തു നിൽക്കാനും എല്ലാ കർത്തവ്യങ്ങളും നിറവേറ്റിക്കൊണ്ട് പിടിച്ചു നിൽക്കാനും സാധിക്കുന്നതിന് എന്താണ് ചെയ്യേണ്ടത് ?
5. നമ്മൾ ................നും .............നും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും അന്ധകാര ലോകത്തിന്റെ അധിപൻമാർക്കും തിൻമയുടെ ദുരാത്മാക്കാൾക്കെതിരായിട്ടാണ് പടവെട്ടുന്നത്.
6. നമുക്കോരോരുത്തർക്കും ക്രിസ്തുവിന്റെ ദാനത്തിനനുസൃതമായി ............................ നൽകപ്പെട്ടിരിക്കുന്നു.
7. കേൾവിക്കാർക്ക് .................പ്രദാനം ചെയ്യുന്നതിനായി അവരുടെ ഉന്നതിക്കുതകും വിധം നല്ല കാര്യങ്ങൾ സന്ദർഭമനുസരിച്ച് സംസാരിക്കുവിൻ.
8. മ്ലേച്ഛതയും വ്യർഥഭാഷണവും ചാപല്യവും നമുക്ക് യോജിച്ചതല്ല. പകരം ഉചിതമായിട്ടുള്ളതെന്താണ്?
9. ദൈവത്തിന്റെയും ക്രിസ്തുവിന്റെയും രാജ്യത്തിൽ അവകാശമില്ലാത്തതാർക്കാണ്?
10. ദൈവത്തിന്റെ ആയുധങ്ങളിൽ അവസാനത്തേതായി രേഖപ്പെടുത്തിയിരിക്കുന്നത് എന്താണ് ?
11. എന്തിന്റെ ബന്ധനസ്ഥനായ സ്ഥാനപതിയാണ് താൻ എന്നാണ് വി.പൗലോസ് പറയുന്നത്?
12. വിശേഷങ്ങൾ അറിയിക്കുന്നതിനും ഹൃദയങ്ങളെ ആശ്വസിപ്പിക്കുന്നതിനും വേണ്ടി ആരെ അയക്കുമെന്നാണ് വി.പൗലോസ് പറയുന്നത് ?
13. സമാധാനത്തിന്റെ ബന്ധത്തിൽ ......... നില നിർത്താൻ ജാഗരൂകരായിരിക്കുവിൻ.
14. ഒരു കർത്താവും ഒരു ..................വും ഒരു .....................വുമേയുള്ളൂ.

15. നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ...........ന് അവസരം കൊടുക്കരുത്.
16. ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെട്ടപ്പോൾ ................ൽ പങ്കുകാരിയാകാനാണ് മറിയം വിളിക്കപ്പെട്ടത്.
17. മറിയം അനുസരണത്തിലൂടെ അവളുടെയും മാനവവംശം മുഴുവന്റേയും ..........സാധിക്കുന്നതിൽ സഹകരിച്ചിരിക്കുന്നു.
18. "എന്റെ അഭയശിലയും വിമോചകനുമായ കർത്താവെ, എന്റെ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ." ഇത് ആരുടെ പ്രാർത്ഥനയാണ്.
19. ബോംബെയിൽ 1964 ഡിസംബർ 1 ന് പോൾ ആറാമന്റെ മാർപാപ്പ വന്നത് ഏതു പരിപാടിയിൽ പങ്കെടുക്കാനാണ് ?
20. പോൾ ആറാമൻ മാർപ്പാപ്പയെ വിശുദ്ധനായി പ്രഖ്യാപിച്ച മാർപ്പാപ്പ ആര് ? വർഷം തീയതി ഏത് ?

## ബൈബിൾ ക്വിസ് – 11 ശരിയുത്തരങ്ങൾ

1. എ.ഡി. 58നും 60 നും ഇടയ്ക്ക് റോമിൽവച്ച്
2. ക്രിസ്തു തന്റെ മരണത്തിലൂടെ
3. സത്യത്തിന്റെ വചനം
4. അവന്റെ മഹത്വത്തിനും സ്തുതിക്കും വേണ്ടി
5. യേശുക്രിസ്തു വഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന്
6. സഭ, പൂർണത
7. രക്ഷ
8. കരവേല
9. വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്.
10. യഹൂദരും, വിജാതീയരും
11. അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം
12. ദൈവകൃപ
13. ആത്മധൈര്യവും, പ്രത്യാശയും
14. വെളിപാട് വഴി
15. അപ്പസ്തോലന്മാരും പ്രവാചകന്മാരും
16. സ്വർഗവും ഭൂമിയും
17. പ. അമ്മയുടെ സ്വർഗ്ഗാരോപണം
18. വി. പാദ്രേപിയോ
19. പെറുവിന്റെ
20. ലാറ്റിൻ അമേരിക്കയുടേയും ഫിലിപ്പീൻസിന്റേയും

## ബൈബിൾ ക്വിസ് – 11

### ആകെ പങ്കെടുത്തവർ 15 ശരിയുത്തരമെഴുതിയവർ 6

1. ലിസമ്മ ഫൈപ്പ്, കല്ലിങ്കൽ
2. എൽസി ടോമി, മാറാമറ്റത്തിൽ
3. വൽസ സിറിയക്, സ്രായിൽ
4. ജിജി രാജേഷ്, പൊന്നുംപുരയിടം
5. ജോൺസൺ വി.എം. വെണ്ടർമ്യാലിൽ
6. സുജ ജോൺസൺ, വെണ്ടർമ്യാലിൽ

## ബൈബിൾ ക്വിസ് 11 സമ്മാനാർഹർ

1. വൽസ സിറിയക്,സ്രായിൽ 2.വി.എം.ജോൺസൺ,വെണ്ടർമ്യാലിൽ

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1 നിർമ്മല മാതാ

- ഫ്രാൻസിസ് പുത്തൻകുടിയിൽ
- ഡെൽമി പുത്തൻകുടിയിൽ
- വത്സ സ്രായിൽ
- ജോസ് സ്രായിൽ
- റെജിമോൾ തെക്കേക്കര
- ക്രിസ്റ്റോ തെക്കേക്കര
- ബിന്റോ മാറാമറ്റത്തിൽ
- സഞ്ചയ് ഇഞ്ചക്കപ്പറമ്പിൽ

### വാർഡ് 2 സെന്റ് ജോസഫ്

- ലില്ലി കണ്ടനാട്ട്
- ജെയിംസ് പുൽത്തകിടിയേൽ
- ഡെയിസമ്മ പുൽത്തകിടിയേൽ
- ഇമ്മാനുവൽ നടുത്തോട്ടത്തിൽ
- സ്റ്റെഫി നടുത്തോട്ടത്തിൽ
- ജിബിൻ നടുത്തോട്ടത്തിൽ
- ജുവൽ നടുത്തോട്ടത്തിൽ
- ജിനു നടുത്തോട്ടത്തിൽ
- മാർട്ടിൻ വറങ്ങലക്കുടി
- സന മാഞ്ഞൂരാൻ
- ബിജു മാടശ്ശേരിൽ

### വാർഡ് 3 സെന്റ് മേരീസ്

- മാത്യൂസ് മണ്ണത്തുക്കാരൻ
- ക്രിസ്റ്റോ മണ്ണത്തൂക്കാരൻ
- ജേക്കബ് ചെറായിൽ
- നീതു അമൽ വെണ്ടർമ്യാലിൽ
- കരോൾ പടിഞ്ഞാക്കര
- ലൂസി വറങ്ങലക്കുടിയിൽ
- ആനി വറങ്ങലക്കുടിയിൽ

### വാർഡ് 4 ഹോളി ഫാമിലി

- ആൻസി പാലക്കോട്ടിൽ
- ജിമ്മി ചുണ്ടങ്ങായിൽ
- രഞ്ജന ബൈജു പിട്ടാപ്പിള്ളിൽ

### വാർഡ് 5 സെന്റ് ജോർജ്ജ്

- അലീഷ മെതിപ്പാറയിൽ
- ജോർജ്ജ് തെക്കുമ്പുറത്ത്

## വാർഡ് 6 സെന്റ് ഫ്രാൻസീസ്

- ജോർജ്ജ് ചുണ്ടങ്ങയിൽ
- ക്ലാര ചേരിയിൽ
- സെബാസ്റ്റിൻ കാരിയ്ക്കാപ്പറമ്പിൽ
- ജോൺ കൊമ്പനാത്തോട്ടം
- റോസ്‌ലി കൊച്ചുവീട്ടിൽ
- മാത്യു കൊച്ചുപ്ലാക്കിൽ
- മേരി കാട്ടുകുടിയിൽ
- പ്രിൻസ് മാറാച്ചേരി
- സച്ചിൻ പരുവംമൂട്ടിൽ
- ജിയോ തണ്ടുംപുറത്ത്
- സ്നേഹ കാരിക്കാപ്പറമ്പിൽ
- ആൻ രേഷ്മ പുത്തൻപുരയ്ക്കൽ

## വാർഡ് 7 സെന്റ് പീറ്റർ

- സാന്ദ്ര ജോൺ പ്ലാക്കീൽ
- ക്രിസ്റ്റബെല്ല ഇരമംഗലത്ത്
- ലീല പുതുശ്ശേരി
- മനു നടുവിലേക്കുറ്റ്
- ഫിലോമിന താഴത്തുവീട്ടിൽ
- സി. മാരിസ് സ്റ്റെല്ല തെങ്ങനാക്കുന്നേൽ

## വാർഡ് 8 സെന്റ് അഗസ്റ്റിൻ

- ജിതിൻ പുത്തൻക്കുടിയിൽ
- മോനി വാഴയിൽ
- ബൈജി കാളാംപറമ്പിൽ
- റിൻസി തച്ചുകുന്നേൽ
- ബീന കുഴിപ്പിള്ളിൽ
- ഫെമിൻ ലിജോ പാത്തംകുളമ്പേൽ
- ആൽവിൻ നെല്ലൂർ
- ഇവാനിയ നെല്ലൂർ

## വാർഡ് 9 ഫാത്തിമ മാതാ

- അജയ് പൂവത്തുംകുടി
- ചാക്കോ കുരിശുംമൂട്ടിൽ
- ലൂസി കുരിശുംമൂട്ടിൽ
- ഫ്രാൻസിസ് കൊല്ലായിക്കുടിയിൽ
- മരിയ കൊല്ലായിക്കുടിയിൽ
- സെബിൻ മണ്ണൂർ
- റോയി വെളിയനാൽ
- ആന്റണി പുത്തൻപുരപുല്ലൻ
- മാത്യു ഊട്ടുകളത്തിൽ

## വാർഡ് 10 ക്രിസ്തുരാജ്

- മത്തായി ഇഞ്ചയ്ക്ക പുത്തൻപുരയിൽ
- അലീന തെങ്ങുംപള്ളിൽ
- എബിൻ പാലാക്കാരൻ
- അൽഫോൻസ അരശേരിൽ

# വിവാഹവാർഷികം

## വാർഡ് 1

## നിർമ്മല മാതാ

- സിറിയക് & വത്സ സ്രായിൽ
- സോണി & റെജിമോൾ തെക്കേക്കര
- ഐപ്പ് & ലിസമ്മ കല്ലുങ്കൽ
- ടോമി & എൽസി മാറാമറ്റത്തിൽ

## വാർഡ് 2

## സെന്റ് ജോസഫ്

- പൈലി & ചിന്നമ്മ നടുത്തോട്ടത്തിൽ
- ജേക്കബ് & പ്രിയാമോൾ തരണിയിൽ
- ജോയി & സിസിലി വടക്കേക്കര

## വാർഡ് 3

## സെന്റ് മേരീസ്

- ജോർജ്ജ് & മറിയാമ്മ കൊറ്റാഞ്ചേരിൽ
- അജേഷ് & അൻസു മഞ്ചേരിൽ
- ബേബി & ലില്ലി മണ്ണത്തൂക്കാരൻ
- വർഗീസ് & ബീന വാഴയിൽ
- ജോൺസൺ & സുജ വെണ്ടർമ്യാലിൽ

## വാർഡ് 4

## ഹോളി ഫാമിലി

- ആന്റണി & ലിസമ്മ തളിയത്ത്
- ജോസ് & മോളി തലയ്ക്കൽ
- ഫ്രാങ്കോ & ജെസീന്താ മേയ്ക്കാട്ടുകുളം
- രാജീവ് & ലീന ഞൂഴുമുറിയിൽ

## വാർഡ് 5

## സെന്റ് ജോർജ്ജ്

- തോമസ് & മിനി മെതിപ്പാറയിൽ
- ജോർജ്ജ് & കൊച്ചുത്രേസ്യ പടിഞ്ഞാറെക്കുടി

## വാർഡ് 6

## സെന്റ് ഫ്രാൻസിസ്

- തങ്കച്ചൻ & ക്ലാര ചേരിയിൽ
- ബേബി & ആനി വറങ്ങലക്കുടിയിൽ

## വാർഡ് 7

## സെന്റ് പീറ്റർ

- ജോസഫ് & ആൻസി പുത്തനങ്ങാടി
- സ്റ്റാൻലി & ലിസി പ്ലാക്കീൽ

## വാർഡ് 8

## സെന്റ് അഗസ്റ്റിൻ

- ജോസ് & ഡൈനി വറങ്ങലക്കുടിയിൽ

## വാർഡ് 9

## ഫാത്തിമ മാതാ

## വാർഡ് 10

## ക്രിസ്തുരാജ്

- ഷാജി & ജാസ്മിൻ കടപ്ലാക്കൽ
- ജോയി & ലിസി കൈനിക്കൽ
- റോബിൻ & ഷീന മലമ്പുറത്ത്
- ലിജോ & നിധി കൈനിക്കൽ

# ദേവാലയ വായനകൾ

## 2025 സെപ്റ്റംബർ
## ഏലിയാ സ്ലീവ-മൂശക്കാലങ്ങൾ

7 ഞാ നിയ 6:20-25
ഏശ 31:4-9
2 തെസ 1:3-10
ലൂക്കാ 18:35-43

8 തി 2 കോറി 12:1-6
ലൂക്കാ 12:35-40

**പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ**
ഉത്പ 17:15-27
ഏശ 43:1-7
വെളി 12:1-6
മത്താ 1:1-16

9 ചൊ ഗലാ 3:15-20
ലൂക്കാ 9:23-27

10 ബു ഗലാ 4:8-11
ലൂക്കാ 12:41-48

11 വ്യാ 1 പത്രോ 1:22-25
ലൂക്കാ 17:20-37

12 വെ റോമാ 8:18-25
ലൂക്കാ 12:54-59

13 ശ 2 പത്രോ 3:8-13
മത്താ 13:44-51

**വിശുദ്ധ ജോൺ ക്രിസോസ്തോം**
എഫേ 4:1-7, 11-13
മർക്കോ 4:1-9

14 ഞാ **വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ**
സംഖ്യ 21:4-9
ഏശ 42:13-17
1 കോറി 1:18-25
ലൂക്കാ 24:13-27

15 തി ഫിലി 4:10-14
മത്താ 5:43-48

16 ചൊ 2 പത്രോ 3:1-7
മത്താ 23:29-36

17 ബു 1 തെസ 4:13-18
മത്താ 24:29-36

18 വ്യാ 1 തിമോ 1:12-17
മത്താ 25:31-40

19 വെ 2 തിമോ 2:1-7
ലൂക്കാ 4:31-37

20 ശ കൊളോ 1:24-29
ലൂക്കാ 15:1-7

**വിശുദ്ധ മത്തായി ശ്ലീഹാ** (സെപ്റ്റംബർ 21)
1 ദിന 29:10-19
എസെ 1:1-14
ഹെബ്രാ 11:23-26
മത്താ 9:9-13

21 ഞാ നിയ 9:1-6
ഏശ 25:1-8
ഫിലി 3:1-11
മത്താ 17:14-21

22 തി 1 യോഹ 5:13-21
യോഹ 8:39-47

23 ചൊ റോമാ 3:1-8
മത്താ 10:26-33

24 ബു 2 കോറി13:5-10
മത്താ 21:18-22

25 വ്യാ 2 പത്രോ 2:20-22
മത്താ 11:11-19
26 വെ 2 പത്രോ 1:20-2:3
മത്താ 15:1-9
27 ശ 1 തെസ 1:4-8
ലൂക്കാ 8:16-21
**വിശുദ്ധ വിൻസെന്റ് ഡിപോൾ**
നിയ 24:10-18
ഏശ 42:1-9
1 കോറി 1:26-31
മത്താ 9:35-38
28 ഞാ നിയ 9:13-24
ഏശ 26:1-11
ഫിലി 4:4-9
മത്താ 15:21-28
29 തി ഫിലി 1:21-26
മർക്കോ 8:31-38
**പ്രധാന മാലാഖാമാരായ മിഖായേൽ, ഗബ്രിയേൽ റപ്പായേൽ**
പുറ 23:20-26
തോബി 12:6-15
വെളി 12:7-12
യോഹ 1:43-51
30 ചൊ തീത്തോ 2:11-14
മർക്കോ 9:42-48
**വിശുദ്ധ ജെറോം**
നിയ 7:6-11
പ്രഭാ 24:12-17
2 തിമോ 3:12-17
മത്താ 13:44-52

## 2025 ഒക്ടോബർ

1 ബു 2 തെസ 3:6-12
ലൂക്കാ 9:1-6

**വിശുദ്ധ കൊച്ചുത്രേസ്യ**
നിയ 32:8-12
ഏശ 66:12-18
എഫേ 3:14-19
മത്താ 18:1-5
2 വ്യാ 2 തിമോ 3:1-7
മത്താ 8:1-4
**കാവൽമാലാഖമാർ**
ശ്ലീഹ 12:6-11
മത്താ 18:10-14

3 വെ **ആദ്യവെള്ളി**
തീത്തോ 2:6-10
ലൂക്കാ 11:5-13
4 ശ 2 തിമോ 4:6-8
മത്താ 26:6-13

**വി.ഫ്രാൻസീസ് അസ്സീസി**
നിയ 15:7-11
ഏശ 6:1-7
ഗലാ 6:14-17
മത്താ 11:25-30
5 ഞാ നിയ 11:1-9
ഏശ 40:12-17
2 കോറി 2:12-17
മത്താ 20:1-16

| വിശുദ്ധ ഗ്രന്ഥവായനകൾ | | | |
|---|---|---|---|
| തീയതി | സമയം | പഴയനിയമം | ലേഖനം |
| 07.09.2025 | 5.30 am | ജോർജ്ജ് തെക്കുംപുറം | ജോർജ്ജ് നടുക്കുടിയിൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | മാത്യു ഊട്ടുകുളം |
| 14.09.2025 | 6.00 am | ജോൺസൺ വെണ്ടർമ്യാലിൽ | ജയിംസ് വടക്കേൽ |
| | 8.00 am | റോസ്മി ചെറായിൽ | തങ്കച്ചൻ ചേരിയിൽ |
| 21.09.2025 | 5.30 am | ജോസ് വെണ്ടർമ്യാലിൽ | ജോസഫ് പീച്ചാട്ട് |
| | 7.00 am | ജിംസി ഊട്ടുകുളം | ഏലിയാമ്മ പുത്തൻകുടിയിൽ |
| 28.09.2025 | 5.30 am | തങ്കച്ചൻ ചേരിയിൽ | ജോർജ്ജ് തെക്കുംപുറം |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | ഷെഫി നടുത്തോട്ടത്തിൽ |
| 05.10.2025 | 5.30 am | ജയിംസ് വടക്കേൽ | ജോൺസൺ വെണ്ടർമ്യാലിൽ |
| | 7.00 am | തങ്കച്ചൻ ചേരിയിൽ | റോസ്മി ചെറായിൽ |

## വാർഡ് പ്രാർത്ഥന ഭവനങ്ങൾ

**വചനഭാഗം. വി. മത്തായി 5:1–12**

| വാർഡ് | ഭവനം | തീയതി | ദിവസം | സമയം |
|---|---|---|---|---|
| 1 | ആനീസ് കുരിശുംമൂട്ടിൽ | 31.08.2025 | ഞായർ | 6.30 pm |
| 2 | ജോബിൻ നടുത്തോട്ടം | 07.09.2025 | ഒന്നാം ഞായർ | 6.30 pm |
| 3 | ജയിംസ് നായ്ക്കൻ പറമ്പിൽ | 14.09.2025 | രണ്ടാം ഞായർ | 6.00 pm |
| 4 | ജോസ് നെടുന്തള്ളിൽ | 14.09.2025 | രണ്ടാം ഞായർ | 6.45 pm |
| 5 | ഫ്രാൻസിസ് കാരക്കുന്നേൽ | 21.09.2025 | മൂന്നാം ഞായർ | 6.30 pm |
| 6 | ജോൺസൺ കൊച്ചുപുരയ്ക്കൽ | 13.09.2025 | രണ്ടാം ശനി | 6.30 pm |
| 7 | മേരി അമ്മച്ചിപറമ്പിൽ | 20.09.2025 | മൂന്നാം ശനി | 6.30 pm |
| 8 | ഏലമ്മ കുന്നുമ്മേൽ | 28.09.2025 | നാലാം ഞായർ | 6.00 pm |
| 9 | ജോർജ്ജ് ചുണ്ടങ്ങായിൽ | 28.09.2025 | നാലാം ഞായർ | 6.45 pm |
| 10 | പ്രിൻസ് പാലാക്കാരൻ | 27.09.2025 | നാലാം ശനി | 6.30 pm |

## സ്നേഹസ്മരണയ്ക്ക്........


**6-ാം ചരമവാർഷികം. 03-9-2025**



### അന്നക്കുട്ടി തോമസ് പുത്തൻകുടിയിൽ

## സ്നേഹസ്മരണയ്ക്ക്........

**4-ാം ചരമവാർഷികം . 12-9-2025**



### എൻ.സി. ജോസഫ് (ബാബു)
### നടാംകുഴിയിൽ

## സ്നേഹസ്മരണയ്ക്ക്........

**17-ാം ചരമവാർഷികം. 21.09.2025**



## പി.ഡി. ജോസഫ് പൂനാട്ട്

## സ്നേഹസ്മരണയ്ക്ക്........


**10-ാം ചരമവാർഷികം. 26-9-2025**



## ഏലിക്കുട്ടി ജോസഫ് നടുത്തോട്ടത്തിൽ

## സ്നേഹസ്മരണയ്ക്ക്........


**7-ാം ചരമവാർഷികം 24.9.2025**



## വി.സി. ചാക്കോ വറങ്ങലക്കുടി

## സ്നേഹസ്മരണയ്ക്ക്........

**5-ാം ചരമവാർഷികം . 15-9-2025**



## ദേവസ്യ സെബാസ്റ്റ്യൻ ഊട്ടുകളത്തിൽ

## സ്നേഹസ്മരണയ്ക്ക്........


**8-ാം ചരമവാർഷികം 24-9-2025**



**ജോർജ് മാത്യു വറുങ്ങലക്കുടി**

## സ്നേഹസ്മരണയ്ക്ക്........

**24-ാം ചരമവാർഷികം . 22-9-2025**



**റ്റി.എ. സേവ്യർ തോട്ടത്തിൽ**

## സ്നേഹസ്മരണയ്ക്ക്........

**5-ാം ചരമവാർഷികം . 24-9-2025**



### ബൈജു കെ.എ. കാട്ടുകുടിയിൽ

## സ്നേഹസ്മരണയ്ക്ക്........


**20-ാം ചരമവാർഷികം . 14-9-2025**



### പൈലി വർക്കി കാട്ടുകുടിയിൽ

## സ്നേഹസ്മരണയ്ക്ക്........


**4-ാം ചരമവാർഷികം. 02-9-2025**



**മേരി മത്തായി**
**തണ്ടുംപുറത്ത്**

## സ്നേഹസ്മരണയ്ക്ക്........

**2-ാം ചരമവാർഷികം. 24-9-2025**



**എം.ജെ. മത്തായി (മത്തച്ചൻ)**
**മുണ്ടങ്ങാട്ടിൽ**

## സ്നേഹ സ്മരണയ്ക്ക്.... 02.09.2025

**2-ാം ചരമവാർഷികം.**



**പ്രൊഫ. റ്റി.എം. മാത്യൂസ്**
**തെക്കേക്കുന്നേൽ**

## സ്നേഹ സ്മരണയ്ക്ക്.... 30.09.2025

**15-ാം ചരമവാർഷികം**



**അന്നക്കുട്ടി പൈലി**
**മെതിപ്പാറയിൽ**

# വിവാഹ മംഗളാശംസകൾ... 24.08.2025



അരുൺ രാജു
മെതിപ്പാറയിൽ

&

സാന്ദ്ര ജോയി
മഠത്തുംകുടി